**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** **10-08-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട മീൻകുഴി കോളനി നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ മീൻകുഴി കോളനി നവീകരണത്തിന് അനുവദിച്ച തുക സർക്കാർ തിരിച്ചെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016-17 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ മീൻകുഴി നഗരിയിൽ കറി കോളനി, അയ്യങ്കാളി കോളനി എന്നിവയുടെ നവീകരണത്തിന് ഒരു കോളനിക്ക് 50 ലക്ഷം രൂപ വീതം ആകെ ഒരു കോടി രൂപ അഡ്വാൻസ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ആയതിൽ 33,33,040/- രൂപ സർക്കാർ തിരിച്ചെടുത്തതായി ടി കോളനിയുടെ നിർവഹണ ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിന് ഏജൻസിയായ കെയ്കോയുടെ മാതൃവകുപ്പായ കൃഷിവകുപ്പുമായി ബന്ധപെട്ട് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത നടപടി കാരണം ബില്ല് പാസാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീൻകുഴി നഗരിയിൽ കറി കോളനിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 50 ലക്ഷം രൂപ അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്. 51,53,245/- രൂപയുടെ പാർട്ട് ബില്ലാണ് നിർവ്വഹണ ഏജൻസി സമർപ്പിച്ചിട്ടുള്ളത്. ഫൈനൽ ബിൽ ഏജൻസി നാളിതുവരെ ലഭ്യമാക്കിയിട്ടുമില്ല. |
| (സി) | തിരൂരങ്ങാടി മണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ പദ്ധതി പ്രകാരം നവീകരിക്കുന്നതിന് തീരുമാനിച്ച കോളനികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ ഇനം തിരിച്ച്, നിർമ്മാണ പുരോഗതി സഹിതം വിശദമാക്കാമോ? | (സി) | 2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട അയ്യങ്കാളി പട്ടികജാതി കോളനിയിലെ പ്രവർത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചെങ്കിലും മൂന്നു തവണ ടെൻഡർ വിളിച്ചിട്ടും ആരും തന്നെ വർക്ക് ഏറ്റെടുത്തിട്ടില്ലെന്ന് ഏജൻസിയായ കെയ്കോ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിലെ പ്രവർത്തികൾ തൽസ്ഥിതി വെച്ച് നിർത്തി ഫൈനൽ ബില്ല് സമർപ്പിക്കുവാൻ |

| | | | |
|---|---|---|---|
| | | | ഏജൻസിയോട് നിർദ്ദേശിച്ചിട്ടുണ്ട്. മീൻകുഴിയിൽ നഗരിയിൽ കറി കോളനിയിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള 50 ശതമാനത്തിലധികം പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് കെയ്കോ അറിയിച്ചിട്ടുണ്ട്. വീട് റിപ്പയർ ആകെ 83 എണ്ണത്തിൽ 43 വീട്ടുകളുടേത് പൂർണ്ണമായും 10 വീട്ടുകളുടേത് ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പാർശ്വഭിത്തി നിർമ്മാണം ആരംഭിച്ചിട്ടില്ല. 2021-22 വർഷത്തിൽ തെരഞ്ഞെടുത്ത കണ്ണാടിത്തടം, കോട്ടുവാലക്കാട് എന്നീ പട്ടികജാതി കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ